ഉത്തരം

(എ & ബി) ഉണ്ട്. ദേശീയാടിസ്ഥാനത്തിൽ Build-Share-Transfer രീതിയിൽ ചാലക്കുടി ഹൗസിംഗ് സ്കീമിനോട് ചേർന്നുകിടക്കുന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പലതവണ ദർഘാസുകൾ ക്ഷണിച്ചിരുന്നുവെങ്കിലും ഓഫറുകൾ ഒന്നും ലഭിച്ചില്ല. ആയതിനാൽ ദർഘാസ് വ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ട് പുനർ ദർഘാസ് പരസ്യം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

വടകരയിൽ ഹൗസിംഗ് ബോർഡ് കോളനി പണിയാൻ നിർദ്ദേശം

154 (4507) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിൽ ഹൗസിംഗ് ബോർഡിന്റെ കീഴിൽ ഹൗസിംഗ് കോളനി ഉപയോഗപ്രദമായ സ്ഥലത്ത് പണിയുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) വടകര പുതിയാപ്പ് സിദ്ധാശ്രമത്തിന് സമീപത്ത് ഹൗസിംഗ് ബോർഡ് നിർമ്മിച്ച എത്ര വീടുകൾ വിൽപ്പന നടത്തിയിട്ടുണ്ട് ; ഇനി എത്രയെണ്ണം ബാക്കിയുണ്ട്, ബാക്കിയുള്ളവയിൽ എത്രയെണ്ണം ഉപയോഗശൂന്യ മായവയുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വടകരയിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് അനുസരിച്ച് ഹൗസിംഗ് കോളനി പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) വടകരയിൽ സിദ്ധാശ്രമത്തിനു സമീപം ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയ പദ്ധതിയിൽ നിർമ്മിച്ച 41 വീടുകളും ലേല വിൽപ്പനയിലൂടെ വിറ്റുകഴിഞ്ഞു.

കലവറ വഴി വിതരണം ചെയ്ത മണൽ

155 (4508) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലവറ മുഖേന എത്ര ടൺ മണൽ വിതരണം ചെയ്തു ; ഏതെല്ലാം വിഭാഗങ്ങൾക്ക് കുറഞ്ഞ നിരക്കിൽ മണൽ വിതരണം ചെയ്തു വെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly